## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 529

26.03.2018-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിന് ആധുനിക സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.എസ്.ശിവകുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉദ്ദേശിക്കുന്നുണ്ട്. സുരക്ഷിതത്വം കുറഞ്ഞതും ദുർബലമായതുമായ മത്സ്യബന്ധന യാനങ്ങൾക്ക് പകരം എഫ്.ആർ.പി യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും ആഴക്കടൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന തങ്ങൽ വള്ളങ്ങൾക്ക് പകരം യന്ത്രവൽകൃത ലോങ്ങ് ലൈനറുകൾ നൽകുന്നതിനുള്ള പദ്ധതിയുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, മത്സ്യക്കൂട്ടങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സൗകര്യങ്ങൾക്കായി ഇൻകോയിസും വകുപ്പും ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. ഇതിനായി 145778 മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താ വിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കെൽട്രോൺ മുഖേന നാവിക് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതാണ്. കടലിൽ പോകുന്നതും വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉതകുന്ന സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ, എൻ.ഐ.സി വികസിപ്പിച്ചെടുക്കുകയും ആയത് ഉപയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. കടലിൽ മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനം മനസ്സിലാക്കാൻ സാധിക്കുന്ന ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് |
| (ബി) | ഇതിന് എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | സിസ്റ്റം മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കടലിൽ അപകടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കുന്ന ലൈഫ് ജാക്കറ്റ്, ലൈഫ് ബോയെ തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതിയും, കടലിൽ അപകടത്തിൽപ്പെടുന്നവരെ വേഗം രക്ഷിച്ച് കരയിലെത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും സഹായിക്കുന്ന മറൈൻ ആംബുലൻസ് പദ്ധതിയും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആരുടെയെല്ലാം സേവനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഐ. എസ്. ആർ. ഒ, ഇൻകോയിസ്, കെൽട്രോൺ, ഐ. റ്റി മിഷൻ, എൻ. ഐ. സി കൊച്ചിൻഷിപ്പ് യാർഡ് തുടങ്ങിയവരുടെ സേവനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ